# 2 തിമൊഥെയൊസ്

1 ക്രിസ്തുയേശുവിലുള്ള ജീവന്റെ വാഗ്ദാ
നപ്രകാരം ദൈവഹിതത്താൽ ക്രിസ്തു
യേശുവിന്റെ അപ്പൊസ്തലനായ പൗലൊസ്,
2പ്രിയപുത്രനായ തിമൊഥെയൊസിന് എഴു
തുന്നത്:
പിതാവായ ദൈവത്തിൽനിന്നും നമ്മുടെ
കർത്താവായ ക്രിസ്തുയേശുവിൽനിന്നും
നിനക്കു കൃപയും കരുണയും സമാധാനവും
ഉണ്ടാകട്ടെ.

*വിശ്വസ്തനായിരിപ്പാൻ*
*പ്രോത്സാഹനം*

3എന്റെ പ്രാർത്ഥനയിൽ രാവും പകലും നി
രന്തരമായി നിന്നെ ഓർത്തുകൊണ്ട്, എന്റെ
പിതാക്കന്മാർ ചെയ്തതുപോലെ നിർ
മ്മലമനസ്സാക്ഷിയോടെ ഞാൻ സേവിക്കുന്ന
ദൈവത്തിനു സ്തോത്രം ചെയ്യുന്നു. 4നിന്റെ
കണ്ണുനീർ ഓർക്കുമ്പോൾ, നിന്നെ ഒന്നു കണ്ടു
സന്തോഷപൂർണ്ണനാകുവാൻ ഞാൻ വാഞ്ഛി
ക്കുന്നു. 5നിന്റെ നിർവ്യാജ വിശ്വാസത്തെപ്പറ്റി
യും എനിക്ക് ഓർമ്മയുണ്ട്. ആ വിശ്വാസം ആദ്യം
നിന്റെ വലിയമ്മ ലോവീസിലും അമ്മ യൂനി
ക്കയിലും ഉണ്ടായിരുന്നു; ഇപ്പോൾ നിന്നിലും
ഉണ്ടെന്നു ഞാൻ ഉറച്ചിരിക്കുന്നു.
6അതുകൊണ്ട്. എന്റെ കൈവയ്പിനാൽ
ദൈവത്തിൽനിന്നു നിനക്കു ലഭിച്ച കൃപാവരം
ജ്വലിപ്പിക്കണമെന്നു ഞാൻ നിന്നെ ഓർപ്പി
ക്കുന്നു. 7ഭീരുത്വത്തിന്റെ ആത്മാവിനെയല്ല,
പിന്നെയോ ശക്തിയുടെയും സ്നേഹത്തിന്റെ
യും സംയമനത്തിന്റെയും ആത്മാവിനെയാണു
ദൈവം നമുക്കു നല്കിയിട്ടുള്ളത്.
8അതുകൊണ്ട് നമ്മുടെ കർത്താവിന്റെ സാ
ക്ഷ്യത്തെയും അവിടുത്തെ തടവുകാരനായ
എന്നെയുംകുറിച്ചു ലജ്ജിക്കാതെ, സുവിശേഷ
ത്തിനു വേണ്ടിയുള്ള കഷ്ടതയിൽ നീയും
ദൈവശക്തിക്കൊത്തവണ്ണം പങ്കുകാരനാകുക.
9അവിടുന്നു നമ്മെ രക്ഷിക്കുകയും വിശുദ്ധവി
ളിയാൽ വിളിക്കുകയും ചെയ്തത് നമ്മുടെ
പ്രവൃത്തികൾ നിമിത്തമല്ല അനാദികാലം മുത
ലേ ക്രിസ്തുയേശുവിൽ നമുക്കു നല്കപ്പെട്ടതും
നമ്മുടെ രക്ഷിതാവായ ക്രിസ്തുയേശുവിന്റെ
പ്രത്യക്ഷതയാൽ ഇപ്പോൾ വെളിപ്പെട്ടിരി
ക്കുന്നതുമായ തന്റെ സ്വന്തനിർണ്ണയവും കൃ
പയും അനുസരിച്ചത്രേ. 10അവിടുന്ന് സു
വിശേഷം മുഖാന്തരം മരണം നീക്കുകയും ജീ
വനും അമർത്യതയും വെളിപ്പെടുത്തുകയും
ചെയ്തിരിക്കുന്നു. 11ആ സുവിശേഷത്തിനു
ഞാൻ പ്രസംഗകനും അപ്പൊസ്തലനും ഉപ
ദേഷ്ടാവുമായി നിയമിക്കപ്പെട്ടിരിക്കുന്നു.
12അതുകൊണ്ട് ഞാൻ ഈ കഷ്ടപ്പാടുകൾ
സഹിക്കുന്നു; എങ്കിലും ലജ്ജിക്കുന്നില്ല; എന്തു
കൊണ്ടെന്നാൽ ഞാൻ ആരെ വിശ്വസിച്ചിരി
ക്കുന്നു എന്ന് അറിയുന്നു. എന്റെ ഉപനിധി ആ
ദിവസംവരെ സൂക്ഷിപ്പാൻ അവിടുന്നു ശക്തൻ
എന്നു ഞാൻ ഉറച്ചിരിക്കുന്നു.
13നീ എന്നിൽനിന്നു കേട്ട വിശുദ്ധവചനത്തെ
ക്രിസ്തുയേശുവിലുള്ള വിശ്വാസത്തിലും സ്
നേഹത്തിലും മാതൃകയാക്കിക്കൊള്ളുക.
14നിന്നെ ഭരമേല്പിച്ചിരിക്കുന്ന നല്ല ഉപനിധി
നമ്മിൽ വസിക്കുന്ന പരിശുദ്ധാത്മാവിനാൽ
കാത്തുകൊള്ളുക.
15ഫുഗലൊസും ഹെർമ്മോഗനേസും ഉൾപ്പെ
ടെ ആസ്യയിലുള്ള എല്ലാവരും എന്നെ ഉ
പേക്ഷിച്ചു പൊയ്ക്കളഞ്ഞു എന്നു നിനക്കറി
യാമല്ലോ.
16ഒനേസിഫൊരൊസ് എന്നെ കൂടെക്കൂടെ
ഉത്തേജിപ്പിക്കുകയും എന്റെ ചങ്ങല
യെക്കുറിച്ചു ലജ്ജിക്കാതിരിക്കുകയും ചെയ്ത
തുകൊണ്ട്, കർത്താവ് അയാളുടെ കുടുംബ
ത്തോടു കരുണ കാണിക്കട്ടെ. 17റോമിൽ ആയി
രുന്നപ്പോൾ അയാൾ വളരെ ക്ലേശിച്ച് എന്നെ
അന്വേഷിച്ചു കണ്ടെത്തി. 18ആ നാളിൽ കർത്താ
വിൽനിന്നു കരുണ ലഭിക്കുവാൻ അവിടുന്ന്
അയാളെ സഹായിക്കട്ടെ. എഫെസൊസിൽവച്ച്
അയാൾ എന്നെ എങ്ങനെയെല്ലാം ശുശ്രൂഷി
ച്ചുവെന്നു നിനക്കു നന്നായി അറിയാമല്ലോ.
2 എന്റെ മകനേ, ക്രിസ്തുയേശുവിലുള്ള
കൃപയാൽ ശക്തിപ്പെടുക. 2അനേകം സാ
ക്ഷികളുടെ മുമ്പാകെ നീ എന്നിൽനിന്നു കേട്ട
തെല്ലാം, മറ്റുള്ളവരെ പഠിപ്പിക്കുവാൻ കഴിവു

ള്ള വിശ്വസ്തരായ മനുഷ്യരെ ഭരമേല്പിക്കു
ക. 3ക്രിസ്തുയേശുവിൻെറ നല്ല ഭടനായി നീ
യും എന്നോടുകൂടെ കഷ്ടം സഹിക്ക. 4പടയാ
ളിയായി സേവനം അനുഷ്ഠിക്കുന്ന ഒരാളും, ത
ന്നെ സൈന്യത്തിൽ ചേർത്തവനെ പ്രസാദി
പ്പിക്കേണ്ടതുകൊണ്ട് ദൈനംദിനജീവിതകാര്യ
ങ്ങളിൽ ഏർപ്പെടുന്നില്ല. 5കായികമത്സരത്തിൽ
പങ്കെടുക്കുന്ന ഒരാൾ നിയമപ്രകാരം മത്സരി
ക്കുന്നില്ലെങ്കിൽ അയാൾക്കു വിജയകിരീടം ലഭി
ക്കുകയില്ല. 6അധ്വാനിക്കുന്ന കർഷകനാണ് വി
ളവിൻെറ ആദ്യഓഹരി എടുക്കേണ്ടത്. 7ഞാൻ
പറയുന്നതു ചിന്തിച്ചുകൊള്ളുക. കർത്താവു
സകലത്തിലും നിനക്കു വിവേകം നല്കും.

8ദാവീദിൻെറ സന്തതിയായി ജനിച്ചു മരിച്ച്
ഉയിർപ്പിക്കപ്പെട്ട യേശുക്രിസ്തുവിനെ
ഓർത്തുകൊൾക. അതാകുന്നു എൻെറ സു
വിശേഷം. 9അതിനുവേണ്ടി ദുഷ്പ്രവൃത്തിക്കാ
രനെപ്പോലെ ഞാൻ ചങ്ങല ധരിച്ചു കഷ്ടം
സഹിക്കുന്നു. ദൈവവചനമോ ബന്ധിക്കപ്പെട്ടി
ട്ടില്ല. 10അതുകൊണ്ടു തിരഞ്ഞെടുക്കപ്പെട്ടവർ
ക്രിസ്തുയേശുവിലുള്ള രക്ഷ നിത്യതേജസ്സോ
ടുകൂടെ പ്രാപിക്കേണ്ടതിനു ഞാൻ അവർ
ക്കുവേണ്ടി സകലതും സഹിക്കുന്നു.

11നാം ക്രിസ്തുവിനോടുകൂടെ മരി
ച്ചുവെങ്കിൽ കൂടെ ജീവിക്കും;
12സഹിക്കുന്നുവെങ്കിൽ കൂടെ വാഴും.
നാം അവിടുത്തെ തള്ളിപ്പറയുമെങ്കിൽ
അവിടുന്നു നമ്മെയും തള്ളിപ്പറയും.
13നാം അവിശ്വസ്തരായിത്തീർന്നാലും
അവിടുന്ന് വിശ്വസ്തനായിത്തന്നേ ജീ
വിക്കുന്നു. തൻെറ സ്വഭാവം ത്യജിപ്പാൻ
അവിടുത്തേക്കു സാധ്യമല്ല.

ഈ വചനം വിശ്വാസയോഗ്യം തന്നേ.

*ദൈവം അംഗീകരിച്ച വേലക്കാരൻ*

14നീ ഈ കാര്യങ്ങൾ അവരെ ഓർമ്മിപ്പി
ക്കണം. വാക്കുകളെച്ചൊല്ലി തർക്കിക്കരുതെന്നു
ദൈവസന്നിധിയിൽ അവർക്കു താക്കീതു
നല്കണം; കേൾക്കുന്നവരെ നശിപ്പിക്കു
കയല്ലാതെ അതുകൊണ്ട് യാതൊരു പ്രയോ
ജനവുമില്ല. 15സത്യവചനം സൂക്ഷ്മമായി
കൈകാര്യം ചെയ്തുകൊണ്ട്, ലജ്ജിപ്പാൻ
സംഗതിയില്ലാത്ത വേലക്കാരനായി, ദൈവത്തി
ന് അംഗീകാരയോഗ്യനായി തിരുസന്നിധിയിൽ
നില്പാൻ ശ്രമിക്കുക. 16ഭക്തിവിരുദ്ധമായ
വ്യർത്ഥസംസാരത്തിൽനിന്ന് ഒഴിഞ്ഞിരിക്കുക.
അതിനാൽ അഭക്തി വർദ്ധിക്കുവാൻ ഇടയാ
കുമല്ലോ. 17അവരുടെ വാക്ക് അർബ്ബുദംപോലെ
പടർന്നുകൊണ്ടിരിക്കും. ഹുമനയോസും ഫിലേ
ത്തൊസും ആ കൂട്ടത്തിൽപ്പെട്ടവരാണ്. 18അവർ
സത്യത്തിൽനിന്നു തെറ്റിയകന്നുപോയിരി
ക്കുന്നു; "പുനരുത്ഥാനം കഴിഞ്ഞു" എന്നു
പറഞ്ഞ് അവർ ചിലരുടെ വിശ്വാസം മറിച്ചു
കളയുന്നു. 19എങ്കിലും ദൈവത്തിൻെറ ഉറപ്പു
ള്ള അടിസ്ഥാനം നിലനില്ക്കുന്നു: "കർത്താ
വു തനിക്കുള്ളവരെ അറിയുന്നു"[a]എന്നും
"കർത്താവിൻെറ നാമം ഉച്ചരിക്കുന്ന ഏവനും
അധർമ്മത്തിൽനിന്ന് അകന്നു കൊള്ളണം"
എന്നും ആ അടിസ്ഥാനത്തിന്മേൽ മുദ്രണം
ചെയ്തിരിക്കുന്നു.

20ഒരു വലിയ വീട്ടിൽ സ്വർണ്ണവും വെള്ളിയും
കൊണ്ടുള്ള സാധനങ്ങൾമാത്രമല്ല മരവും കളി
മണ്ണും കൊണ്ടുള്ളവയും ഉണ്ടായിരിക്കും; ചി
ലതു മാന്യകാര്യങ്ങൾക്കും ചിലതു ഹീനകാര്യ
ങ്ങൾക്കും ഉള്ളവയാണ്. 21അതിനാൽ ഒരുവൻ
ഹീനകാര്യങ്ങൾ വിട്ട്, സ്വയം നിർമ്മലീകരി
ക്കുന്നുവെങ്കിൽ അവൻ വിശുദ്ധവും ഉടമസ്ഥനു
പ്രയോജനകരവും എല്ലാ സൽപ്രവൃത്തിക്കും
ഒരുക്കപ്പെട്ടതുമായ ഒരു മാനപാത്രമായിത്തീരും.

22യൗവ്വനമോഹങ്ങളെ വിട്ടോടി, ശുദ്ധഹൃദയ
ത്തോടെ കർത്താവിനെ വിളിച്ചപേക്ഷിക്കുന്ന
എല്ലാവരോടും ചേർന്ന് നീതി, വിശ്വാസം, സ്
നേഹം, സമാധാനം എന്നിവ പിന്തുടരുക. 23മൂ
ഢവും ബാലിശവുമായ വാദപ്രതിവാദങ്ങൾ
കലഹം ഉളവാക്കുമെന്നറിഞ്ഞ് അവ ഉപേക്ഷി
ക്കുക. 24കർത്താവിൻെറ ദാസൻ കലഹി
ക്കാതെ എല്ലാവരോടും സൗമ്യതയുള്ളവനും
പഠിപ്പിക്കുവാൻ സമർത്ഥനും ക്ഷമാശീലനും
25എതിർക്കുന്നവരെ സൗമ്യതയോടെ തി
രുത്തുന്നവനും ആയിരിക്കണം; അവർക്കു
ദൈവം സത്യത്തിൻെറ പരിജ്ഞാനത്തിനായി
മാനസാന്തരം നല്കേണ്ടതിനും 26പിശാചിൻെറ
ഇഷ്ടം നിറവേറ്റുവാൻ അവന് അടിമകളാ
യിത്തീർന്നവരാകയാൽ അവർ സുബോധം
കൈക്കൊണ്ട് അവൻെറ കെണിയിൽനിന്നു വി
ടുതൽ പ്രാപിക്കേണ്ടതിനുമാണ് ഇതു ചെ
യ്യേണ്ടത്.

*അന്ത്യനാളുകളിലെ അഭക്തി*

3 അന്ത്യകാലത്തു ദുർഘടസമയങ്ങൾ
ഉണ്ടാകും എന്നറിഞ്ഞുകൊൾക. 2മനുഷ്യർ
സ്വാർത്ഥപ്രിയരും ദ്രവ്യാഗ്രഹികളും വമ്പു
പറയുന്നവരും അഹങ്കാരികളും ദൂഷകരും മാ
താപിതാക്കളെ അനുസരിക്കാത്തവരും
നന്ദികെട്ടവരും അശുദ്ധരും 3മനുഷ്യപ്രിയമി
ല്ലാത്തവരും വഴങ്ങാത്തവരും ഏഷണിക്കാരും
ആത്മനിയന്ത്രണമില്ലാത്തവരും ക്രൂരരും സൽ
ഗുണദ്വേഷികളും ആയിത്തീരും. 4അവർ ചതി
ക്കുന്നവരും സാഹസികരും ഗർവ്വിഷ്ഠരും,
ദൈവത്തെ സ്നേഹിക്കാത്ത ഭോഗപ്രിയരും,

[a] 19 സംഖ്യ 16:5

5ഭക്തിയുടെ ബാഹ്യവേഷം ധരിച്ച് അതിൻെറ
ശക്തി ത്യജിക്കുന്നവരും ആയിരിക്കും. അവരെ
വിട്ടകന്നുകൊള്ളുക.

6ഭവനങ്ങളിൽ നുഴഞ്ഞുകയറി, പാപത്തിനടി
മകളും വിഷയാസക്തകളും 7എപ്പോഴും പഠി
ച്ചിട്ടും ഒരിക്കലും സത്യത്തിൻെറ പരിജ്ഞാ
നത്തിൽ എത്താത്തവരുമായ ദുർബ്ബല
സ്ത്രീകളെ വശീകരിക്കുന്നത് ഈ കൂട്ടരാണ്.
8യന്നേസും യംബ്രേസും മോശെയോട്
എതിർത്തുനിന്നതുപോലെ ഇവരും സത്യത്തോ
ടു മറുത്തു നില്ക്കുന്നു. ഇവർ ദുർബ്ബുദ്ധികളും
വിശ്വാസം സംബന്ധിച്ചു പുറംതള്ളപ്പെട്ടവരുമ
ത്രേ. 9ഇവർക്കു പുരോഗതിയുണ്ടാവുകയില്ല.
മേൽപറഞ്ഞവരുടെ കാര്യത്തിൽ എന്നപോലെ
അവരുടെയും ബുദ്ധിശൂന്യത എല്ലാവർക്കും
വെളിവാകും.

*തിമൊഥെയൊസിനുള്ള നിർദ്ദേശങ്ങൾ*

10നീയോ, എൻെറ ഉപദേശം, പെരുമാറ്റം, ജീ
വിതലക്ഷ്യം, വിശ്വാസം, ദീർഘക്ഷമ, സ്നേഹം,
സഹിഷ്ണുത, 11പീഡനങ്ങൾ, അന്ത്യോക്ക്യയി
ലും ഇക്കൊന്യയിലും ലുസ്ത്രയിലും എനി
ക്കുണ്ടായ കഷ്ടതകൾ എന്നിവയെല്ലാം ഗ്രഹി
ച്ചിരിക്കുന്നു; ഞാൻ എന്തെല്ലാം ഉപദ്രവങ്ങൾ
സഹിച്ചു! അവയിൽനിന്നെല്ലാം കർത്താവ് എ
ന്നെ വിടുവിച്ചു. 12എന്നാൽ ക്രിസ്തുയേശു
വിൽ ഭക്തിയോടെ ജീവിക്കുവാൻ ആഗ്രഹി
ക്കുന്ന എല്ലാവരും പീഡിപ്പിക്കപ്പെടും. 13ദുഷ്ട
മനുഷ്യരും വഞ്ചകരും ചതിച്ചും ചതിക്ക
പ്പെട്ടുംകൊണ്ട് തിന്മയിൽനിന്ന് അധികം
തിന്മയിലേക്കു പൊയ്ക്കൊണ്ടിരിക്കും.
14നീയോ ആരിൽനിന്നു പഠിച്ചു എന്ന് ഓർക്കു
കയും ക്രിസ്തുയേശുവിലുള്ള വിശ്വാസത്താൽ
നിന്നെ രക്ഷയ്ക്കു ജ്ഞാനിയാക്കുവാൻ പര്യാ
പ്തമായ തിരുവെഴുത്തുകൾ 15ബാല്യം മുതൽ
അറിയുകയും ചെയ്യുന്നതുകൊണ്ട്, നീ പഠിച്ചും
നിശ്ചയം പ്രാപിച്ചും ഇരിക്കുന്നതിൽ നിലനി
ല്ക്കുക. 16എല്ലാ തിരുവെഴുത്തും ദൈവപ്രചോ
ദിതമാകയാൽ ദൈവത്തിൻെറ മനുഷ്യൻ സകല
സൽപ്രവൃത്തികൾക്കും ഒരുക്കപ്പെട്ടവനും തി
കഞ്ഞവനുമാകേണ്ടതിന് 17ഉപദേശത്തിനും ശാ
സനത്തിനും തിരുത്തലിനും നീതിയിലെ അഭ്യ
സനത്തിനും പ്രയോജനമുള്ളതാണ്.

4 ദൈവത്തിൻെറയും, ജീവിച്ചിരിക്കുന്ന
വർക്കും മരിച്ചവർക്കും ന്യായവിധി നടത്തു
വാനിരിക്കുന്നവനുമായ ക്രിസ്തുയേശുവി
ൻെറയും മുമ്പാകെ, അവിടുത്തെ പ്രത്യക്ഷ
തയും രാജ്യവും ചൊല്ലി ഞാൻ നിന്നോടു ദൃ
ഢമായി കല്പിക്കുകയാണ്: 2വചനം പ്രസംഗി
ക്കുക; സമയത്തും അസമയത്തും സന്നദ്ധനാ
യിരിക്കുക; എത്രയും ക്ഷമയോടും ഉപദേശ
ത്തോടുംകൂടെ കുറ്റബോധം വരുത്തുക. ശാസി
ക്കുക, പ്രബോധിപ്പിക്കുക. 3മനുഷ്യർ പഥ്യോ
പദേശം കൈക്കൊള്ളാതെ സ്വന്തമോ
ഹങ്ങൾക്കൊത്തവിധം കേൾക്കാൻ ഇമ്പമുള്ളവ
പറഞ്ഞുകേൾപ്പിക്കുന്ന ഉപദേഷ്ടാക്കന്മാരെ
വർദ്ധിപ്പിക്കുന്ന കാലം വരുന്നു. 4അന്ന് അവർ
സത്യത്തിനു ചെവികൊടുക്കാതെ കെട്ടു
കഥകളിലേക്കു ശ്രദ്ധതിരിക്കും. 5നീയോ
സകലത്തിലും സംയമശീലനായിരിക്കുക;
കഷ്ടത സഹിക്കുക; സുവിശേഷകൻെറ
പ്രവൃത്തിചെയ്യുക; നിൻെറ ശുശ്രൂഷ പൂർണ്ണമാ
യി നിറവേറ്റുക.

6ഞാനോ ഇപ്പോൾത്തന്നെ പാനീയയാഗമാ
യി ഒഴിക്കപ്പെടുന്നു. എൻെറ നിര്യാണകാലവും
അടുത്തിരിക്കുന്നു. 7ഞാൻ നല്ല പോർ പൊ
രുതി; ഓട്ടം തികച്ചു; വിശ്വാസം കാത്തു. 8ഇനി,
നീതിയുടെ കിരീടം എനിക്കായി സൂക്ഷിച്ചിരി
ക്കുന്നു. അതു നീതിയുള്ള ന്യായാധിപതിയാ
യ കർത്താവ് ആ നാളിൽ എനിക്കു നല്കും.
എനിക്കു മാത്രമല്ല, അവിടുത്തെ പ്രത്യക്ഷത
യ്ക്കായി വാഞ്ഛിച്ചിട്ടുള്ള എല്ലാവർക്കുംകൂടെ.

*വ്യക്തിപരമായ കാര്യങ്ങൾ*

9എത്രയുംവേഗം എൻെറ അടുക്കലെത്തു
വാൻ ഉത്സാഹിക്കുക. 10ദേമാസ് ഈ ലോക
ത്തെ സ്നേഹിച്ചതുകൊണ്ട് എന്നെ ഉപേക്ഷി
ച്ചു തെസ്സലൊനിക്കയിലേക്കു പോയി.
ക്രേസ്കേസ് ഗലാത്യയ്ക്കും തീത്തൊസ് ദല്മാ
ത്യയ്ക്കും പോയിരിക്കുന്നു. 11ലൂക്കൊസ് മാത്ര
മേ എൻെറ കൂടെയുള്ളൂ. ശുശ്രൂഷയിൽ എനി
ക്കു പ്രയോജനമുള്ളവനാകയാൽ മർക്കൊ
സിനെ കൂട്ടിക്കൊണ്ടുവരിക. 12തിഹിക്കൊ
സിനെ ഞാൻ എഫെസൊസിലേക്ക് അയച്ചു.
13നീ വരുമ്പോൾ ത്രോവാസിൽ കർപ്പൊ
സിൻെറ അടുക്കൽ ഞാൻ വച്ചിട്ടുപോന്ന പുറം
കുപ്പായവും പുസ്തകങ്ങളും വിശേഷാൽ ചർ
മ്മലിഖിതങ്ങളും കൊണ്ടുവരണം.

14ചെമ്പുപണിക്കാരനായ അലക്സാണ്ടർ
എനിക്കു വളരെ ദോഷം ചെയ്തു. അവൻ
ചെയ്തതിനു തക്കവണ്ണം കർത്താവ് അവനു
പകരം നല്കും. 15നമ്മുടെ വാക്കുകളെ അവൻ
ശക്തിയായി എതിർത്തതുകൊണ്ടു നീയും
അവനെക്കുറിച്ചു ജാഗ്രതയുള്ളവനായിരി
ക്കണം.

16എൻെറ ഒന്നാം പ്രതിവാദത്തിൽ ആരും എ
ന്നെ സഹായിച്ചില്ല, എല്ലാവരും എന്നെ കൈവി
ട്ടു. അത് അവർക്കെതിരേ കണക്കിടാതിരിക്ക
ട്ടെ. 17എന്നാൽ കർത്താവ് എനിക്കു തുണനിന്ന്,
വചനം സമ്പൂർണ്ണമായി ഘോഷിക്കുവാനും
സകല വിജാതീയരും അതു കേൾക്കുവാനും

തക്കവണ്ണം എന്നെ ശക്തിപ്പെടുത്തി. അങ്ങനെ സിംഹത്തിൻെറ വായിൽനിന്നും ഞാൻ വിടുവി
ക്കപ്പെട്ടു.
18കർത്താവ് എന്നെ സകല ദുഷ്ടതകളിൽനിന്നും വിടുവിച്ച് തൻെറ സ്വർഗ്ഗീയരാജ്യത്തിനായി സൂക്ഷിക്കും. അവിടുത്തേക്ക് എന്നെന്നേക്കും മഹത്ത്വമുണ്ടാകട്ടെ. ആമേൻ.

*ആശംസകൾ*

19പ്രിസ്ക്കയ്ക്കും[a] അക്വിലാവിനും ഒനേസിഫൊരൊസിൻെറ കുടുംബത്തിനും വന്ദനം പറയുക.
20എരസ്തൊസ് കൊരിന്തിൽ താമസിച്ചു. ത്രൊഫിമൊസിനെ ഞാൻ മിലേത്തോസിൽ രോഗിയായി വിട്ടേച്ചു പോന്നു.
21ശീതകാലത്തിനു മുമ്പേ ഇവിടെയെത്താൻ നീ പരമാവധി ശ്രമിക്കണം. യൂബൂലൊസും പൂദെസും ലീനോസും ക്ലൌദിയയും സകല സഹോദരരും നിന്നെ അഭിവാദനം ചെയ്യുന്നു.
22കർത്താവു നിൻെറ ആത്മാവോടുകൂടെ ഇരിക്കട്ടെ. കൃപ നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ.